(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. കൊക്കയാർ പഞ്ചായത്തിലെ നാരകംപുഴ എസ്. റ്റി. കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി

2. വടക്കേമല എസ്. റ്റി. കോളനിയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി

3. പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപന പ്രകാരം 119 കുഴൽ കിണറുകൾ കുഴിച്ച് ഹാന്റ് പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി

കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കാനുള്ള പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പ്ദ്ധതി 2008 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. കുമളി കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ ജോലികൾ 2008-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. 18 ഗ്രാമീണ സ്കൂളുകളിലേക്കുള്ള കുടിവെള്ള പദ്ധതികൾ 2006 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

4. 2005 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള 10 കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 2006 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഭൂജല വകുപ്പ് പീരുമേട് താലൂക്കിൽ വണ്ടിപ്പെരിയാർ, കന്നിമാറച്ചോല, വെള്ളാരംകുന്ന് എന്നിവയും കുമളിയിൽ ഒരു പദ്ധതിയും പൂർത്തീകരിച്ചു. ഭൂജല വകുപ്പിന് ഇനി പൂർത്തീകരിക്കാനായി പദ്ധതി നിലവിലില്ല.

(ഡി) പുതിയ പദ്ധതികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

കല്ലറ പാങ്ങോട് ശുദ്ധജല വിതരണ പദ്ധതി

57 [514] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ നിർമ്മാണം ആരംഭിച്ച കല്ലറ പാങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടംവരെയായിട്ടുണ്ട്;

(ബി) 8 വർഷമായി നിർമ്മാണം നടക്കുന്ന ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(സി) എൺപത് ശതമാനം പണിയും പൂർത്തിയാക്കിയ ഈ പദ്ധതിയുടെ പണി മുടങ്ങിയിട്ട് എത്ര കാലമായി;

(ഡി) പണി വീണ്ടും തുടങ്ങാനും പദ്ധതി പൂർത്തിയാക്കാനും വേണ്ടി വാട്ടർ അതോറിറ്റിയും ഗവൺമെന്റും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ വർഷം ജലസേചന വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന അവലോകന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ 10 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാലയുടെ പണി പൂർത്തിയായി. കിണറിന്റെയും പമ്പ്ഹൗസിന്റെയും പണികൾ 99 ശതമാനം പൂർത്തിയായിട്ടുണ്ട്. ഈ സ്കീമിന്റെ റാ വാട്ടർ പമ്പിംഗ് മെയിനിന്റെയും ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെയും പണികൾ ബാക്കിയുണ്ട്. ട്രാൻസ്ഫോമറിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഈ പദ്ധതിയുടെ റാ വാട്ടർ പമ്പിംഗ് മെയിനിന്റെയും ജലവിതരണ കുഴലുകൾ സ്ഥാപിക്കുന്നതിനുമുള്ള പണികളുടെയും ടെന്ററുകൾ വിളിച്ചിട്ടുണ്ട്. ഈ ടെന്ററുകളുടെ പരിശോധന പൂർത്തിയാക്കി കരാറുകാരനെ ഉറപ്പിച്ചു കഴിഞ്ഞാൽ ഈ പദ്ധതി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പദ്ധതിയുടെ പണി രണ്ട് വർഷമായി മുടങ്ങിക്കിടക്കുകയാണ്.

(ഡി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി പൂർത്തിയാക്കാനുള്ള റാ വാട്ടർ പമ്പിംഗ് മെയിനിന്റെ പണിക്കുള്ള എസ്റ്റിമേറ്റ് പുതുക്കി രണ്ടാം പ്രാവശ്യവും ടെന്റർ ചെയ്തു. 2006 ജനുവരി 27-ാം തീയതിയായിരുന്നു ടെന്ററുകൾ സ്വീകരിച്ച അവസാന തീയതി. കൂടാതെ ഈ പദ്ധതിയുടെ ജലവിതരണ കുഴലുകളുടെ ടെന്ററും 2006 ജനുവരി 27-ാം തീയതി അവസാന തീയതിയായി സ്വീകരിച്ചിട്ടുണ്ട്. ഈ ടെന്ററുകളുടെ പരിശോധന പൂർത്തിയാക്കി കരാറുകാരനെ ഉറപ്പിച്ചു കഴിഞ്ഞാൽ ഈ പദ്ധതി ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) വാമനപുരം നിയോജകമണ്ഡലത്തിലെ പദ്ധതികളായ കല്ലറ-പാങ്ങോട് ശുദ്ധ ജലവിതരണ പദ്ധതിയും പനവൂർ-പുല്ലമ്പാറ പദ്ധതിയും ഭാഗികമായി കമ്മീഷൻ ചെയ്യാൻ 400 എം. എം. പമ്പിംഗ് മെയിനിന്റെയും 300 എം. എം. ട്രാൻസ്മിഷൻ മെയിനിന്റെയും പണികൾ ചെയ്യേണ്ടതുണ്ട്. ഈ പണികൾ പൂർത്തിയാക്കുവാൻ വേണ്ട തുക അപ്പോഴത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നതിനാൽ ഏതെങ്കിലും ഒരു പണി ചെയ്യാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കാൻ മന്ത്രി നിർദ്ദേശം നൽകിയതനുസരിച്ച് റാ വാട്ടർ പമ്പിംഗ് മെയിനിന്റെ എസ്റ്റിമേറ്റ് പുതുക്കി 2006 ജനുവരി 27 അവസാന തീയതി ആയി നിശ്ചയിച്ച് ടെന്റർ വിളിച്ചു. ഇതിന്റെ പരിശോധന നടന്നു വരികയാണ്.

കല്ലറ സെക്ഷൻ വാമനപുരം നിയോജകമണ്ഡലത്തിൽ ഉള്ളതിനാൽ ഈ മണ്ഡലത്തിലെ പണികൾ കല്ലറ സെക്ഷനെ ഏൽപ്പിച്ചു കഴിഞ്ഞാൽ പണികൾ കൂടുതൽ ത്വരിതപ്പെടുത്താൻ കഴിയും എന്ന് എം. എൽ. എ. അറിയിച്ചതനുസരിച്ച് ഇതിനുവേണ്ട നടപടി എടുക്കാൻ നിർദ്ദേശം നൽകി. ഇതനുസരിച്ച് ഈ പദ്ധതിയുടെ പണികളുടെ മേൽനോട്ടം കല്ലറ സെക്ഷനിൽ നിന്നാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly